**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3292** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിലെ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസസൗകര്യം നൽകുന്നുണ്ടോ; ഇതു വഴി മെച്ചപ്പെട്ട വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | നിലവിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസ സൗകര്യം നൽകുന്നുണ്ട്. ആയത് വഴി സർക്കാരിന് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നുണ്ട്. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ച ശേഷം 1/11/2021 മുതൽ 7/10/2025 വരെ 4,75,009 ബുക്കിംഗ് ഉണ്ടായി. 29,06,76,640 രൂപ വരുമാനമായി ലഭിച്ചു.<br><br>വിശ്രമ കേന്ദ്രങ്ങളിൽ Online മുഖേന resthouse.pwd.kerala.gov.in എന്ന വെബ് സൈറ്റിൽ മുറികൾ ബുക്ക് ചെയ്യുന്നതിനും അതിന്റെ വാടക Online മുഖേന തന്നെ അടയ്ക്കുന്നതിനും ഉള്ള സൗകര്യം ഏർപ്പെടുത്തുകയും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമില്ലാത്തപക്ഷം Online മുഖേന തന്നെ ബുക്കിംഗ് Cancel ചെയ്യുന്നതിനും ടി വാടക തിരികെ നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട് കംപ്ലയിന്റ്, ഫീഡ്ബാക്ക് എന്നിവ Online ആയി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം PWD വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത സൗകര്യങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ ആധുനിക ഡിജിറ്റൽ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രീതിയിലാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസ സൗകര്യം നൽകുന്നുണ്ട്. ആയത് വഴി സർക്കാരിന് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നുണ്ട്. റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ആരംഭിച്ച ശേഷം 1/11/2021 മുതൽ 7/10/2025 വരെ 4,75,009 ബുക്കിംഗ് ഉണ്ടായി. 29,06,76,640 രൂപ വരുമാനമായി ലഭിച്ചു.<br><br>വിശ്രമ കേന്ദ്രങ്ങളിൽ Online മുഖേന resthouse.pwd.kerala.gov.in എന്ന വെബ് സൈറ്റിൽ മുറികൾ ബുക്ക് ചെയ്യുന്നതിനും അതിന്റെ |

| | | | |
|---|---|---|---|
| | | | വാടക Online മുഖേന തന്നെ അടയ്ക്കുന്നതിനും ഉള്ള സൗകര്യം ഏർപ്പെടുത്തുകയും കൂടാതെ ബുക്ക് ചെയ്ത മുറികൾ ആവശ്യമില്ലാത്തപക്ഷം Online മുഖേന തന്നെ ബുക്കിംഗ് Cancel ചെയ്യുന്നതിനും ടി വാടക തിരികെ നൽകുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട് കംപ്ലയിന്റ്, ഫീഡ്ബാക്ക് എന്നിവ Online ആയി രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം PWD വെബ് സൈറ്റിൽ ലഭ്യമാണ്. |
| (സി) | എല്ലാ റസ്റ്റ് ഹൗസിലും പാർക്കിംഗ് സൗകര്യം ലഭ്യമാണോ; വ്യക്തമാക്കാമോ; | (സി) | വിശ്രമ കേന്ദ്രങ്ങളിൽ താമസത്തിനായി എത്തുന്നവർക്ക് ആവശ്യമായ പാർക്കിംഗ് സൗകര്യം ഭൂരിഭാഗം വിശ്രമ കേന്ദ്രങ്ങളിലും ലഭ്യമാണ്. |
| (ഡി) | വൈദ്യുത വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ കെ. എസ്. ഇ. ബി.യുമായി സഹകരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | കെ. എസ്. ഇ. ബി യുമായി സഹകരിച്ച് റെസ്റ്റ് ഹൗസുകളിൽ ഇ -ചാർജിംഗ് സ്റ്റേഷന് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള തീരുമാനങ്ങളും നടപടികളും പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ